## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3674 15/07/2015 -ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.പാലോട് രവി | | **ശ്രീ.എ.പി. അനിൽകുമാർ,**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | സമർത്ഥരായ പട്ടികജാതി വിദ്യാത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | കോഴ്സ് പാസാകുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്തോ, വിദേശത്തോ ലഭിക്കുന്ന തൊഴിൽ സാധ്യതയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |
| സി) | പദ്ധതി മുഖേന എന്തെല്ലാം ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | വിദേശ രാജ്യങ്ങളിൽ വിവിധ യൂണിവേഴ്സിറ്റികൾ വിവിധ കോഴ്സുകൾക്ക് , വിവിധ നിരക്കുകളിലുള്ള ഫീസാണ് ഈടാക്കുന്നത്. അപേക്ഷകളുടെ മെറിറ്റ് പരിശോധിച്ചാണ് തുക അനുവദിച്ചു വരുന്നത്. |
| ഡി | പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | ഡി) | അപേക്ഷയുടെ മെറിറ്റും വകുപ്പ് തലവന്റെ ശുപാർശയും യൂണിവേഴ്സിറ്റിയുടെ നിലവാരവും ജോലി സാധ്യതയും കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ.